(സി) ചില കമ്പനികൾ നീതിമെഡിക്കൽ സ്റ്റോറുകൾക്ക് മരുന്നുകൾ നൽകുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആദ്യഘട്ടത്തിൽ 100 നീതിമെഡിക്കൽ സ്റ്റോറുകൾ സംസ്ഥാനത്ത് ആരംഭിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും പദ്ധതി വ്യാപകമാക്കുകയാണ് സർക്കാരിന്റെ ഇപ്പോഴത്തെ നയം. അതിനായി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും കൺസ്യൂമർ ഫെഡറേഷൻ നേരിട്ടും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടുതൽ നീതിമെഡിക്കൽ സ്റ്റോറുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ 153 നീതിമെഡിക്കൽ സ്റ്റോറുകളും കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ 13 നീതി മെഡിക്കൽ സ്റ്റോറുകളും തുടങ്ങാനുള്ള അനുമതി സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്. പ്രമുഖ മരുന്നുല്പാദക കമ്പനികളടക്കമുള്ള എല്ലാ മരുന്നുൽപ്പാദക കമ്പനികളുടേയും മരുന്നുകൾ നീതിമെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് ഈ പദ്ധതി കൂടുതൽ ഫലപ്രദ മാക്കുന്നതായിരിക്കും.

സഹകരണ ബാങ്കുകളുടെ ട്രഷറി നിക്ഷേപം

108(324) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ സഹകരണബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും എന്തു തുക വീതം ഇപ്പോൾ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട് ;

(ബി) എത്ര നാളത്തേയ്ക്കാണ് തുക നിക്ഷേപിച്ചിട്ടുള്ളത് ;

(സി) ഇപ്രകാരം പണം നിക്ഷേപിക്കാനുള്ള കാരണം വിശദമാക്കുമോ ;

(ഡി) സഹകരണ ബാങ്കുകളുടെ ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് നിയമപ്രകാരമാണോ എന്ന് വ്യക്തമാക്കാമോ ;

(എഫ്) ട്രഷറിയിൽ പണം നിക്ഷേപിക്കുന്നതിന് സർക്കാർ എന്തെങ്കിലും നിർദ്ദേശം സഹകരണബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിന് ഇപ്പോൾ യാതൊരു തുകയും ട്രഷറിയിൽ നിക്ഷേപമായില്ല. സംസ്ഥാനത്തെ 9 ജില്ലാ സഹകരണ ബാങ്കിന് താഴെ പറയുന്ന പ്രകാരമുള്ള തുക ട്രഷറിയിൽ നിക്ഷേപമായുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

	ജില്ലാ സഹകരണ ബാങ്ക്	തുക
1.	തിരുവനന്തപുരം	55.61 കോടി രൂപ
2.	കൊല്ലം	75 കോടി രൂപ
3.	പത്തനംതിട്ട റ്റി.എസ്.ബി	25.41 കോടി രൂപ
	സ്ഥിര നിക്ഷേപം	04 കോടി രൂപ
4.	ഇടുക്കി	93 കോടി രൂപ
5.	കോട്ടയം	33.75 കോടി രൂപ
6.	തൃശൂർ	102.82 കോടി രൂപ
7.	പാലക്കാട്	90.09 ലക്ഷം രൂപ
8.	മലപ്പുറം	100 കോടി രൂപ
9.	കോഴിക്കോട്	20 കോടി രൂപ

(ബി) നിക്ഷേപത്തിന്റെ കാലാവധി ചുവടെ ചേർക്കുന്നു.

	ജില്ലാ സഹകരണ ബാങ്ക്	കാലാവധി
1.	തിരുവനന്തപുരം	ഒരു വർഷം
2.	കൊല്ലം	സ്പെഷ്യൽ എസ്.ജി. അക്കൗണ്ടിലെ നിക്ഷേപം
3.	പത്തനംതിട്ട	ഒരു വർഷം
4.	ഇടുക്കി	കാലാവധി നിശ്ചയിച്ചിട്ടില്ല.
5.	കോട്ടയം	എസ്.ബി. അക്കൗണ്ടിലെ നിക്ഷേപം
6.	തൃശൂർ	പതിമൂന്ന് മാസം
7.	പാലക്കാട്	എസ്.ബി. അക്കൗണ്ടിലെ നിക്ഷേപം
8.	മലപ്പുറം	സ്പെഷ്യൽ എസ്.ബി. അക്കൗണ്ടിലെ നിക്ഷേപം
9.	കോഴിക്കോട്	എസ്.ബി. അക്കൗണ്ടിലെ നിക്ഷേപം

(സി) ബാങ്കുകളുടെ മിച്ച ഫണ്ടിന് കൂടുതൽ പലിശ ലഭിക്കുന്നതിനു വേണ്ടിയാണ് പലപ്പോഴും അവർ ട്രഷറിയിൽ നിക്ഷേപം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി-എഫ്) 1969-ലെ കേരള സഹകരണ നിയമത്തിലെ 57 വകുപ്പ് പ്രകാരം സഹകരണ സ്ഥാപനങ്ങൾക്ക് അവയുടെ ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കാവുന്നതാണ്. ഇതിന് പ്രത്യേക സർക്കാർ ഉത്തരവിന്റെ ആവശ്യമില്ല. എന്നാൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന് പ്രവർത്തന മൂലധനം സമാഹരിക്കുന്നതിന്റെ ഭാഗമായി "ട്രഷറി സ്മോൾ സേവിംഗ്സ് ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് പദ്ധതി" എന്ന ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിൽ പ്രാഥമിക സഹകരണസംഘങ്ങൾക്കും നിക്ഷേപം നടത്താവുന്നതാണ്.

സഹകരണ ബാങ്കുകളിലെ ഫണ്ട്

109(325) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം സഹകരണ ബാങ്കുകളാണ് അവരുടെ ഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്ത് തുക വീതമാണ് ഓരോ സഹകരണ ബാങ്കും ഇങ്ങനെ നിക്ഷേപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) സഹകരണ ബാങ്കുകൾ തുക ട്രഷറിയിൽ നിക്ഷേപിക്കുന്നത് നിയമാനുസൃതമാണോ ;

(ഡി) അല്ലെങ്കിൽ പ്രസ്തുത ബാങ്കുകൾ ട്രഷറിയിൽ നിന്നും ഈ തുക പിൻവലിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മിച്ചഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള സഹകരണ ബാങ്കുകളുടേയും നിക്ഷേപ തുകയുടേയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) നിയമാനുസൃതമാണ്. കേരള സഹകരണ നിയമം 57 വകുപ്പനുസരിച്ച് സഹകരണ സ്ഥാപനത്തിന് അതിന്റെ ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ചോദ്യം (സി) യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യം ബാധകമല്ല.

നീതി സ്റ്റോറുകൾ

110(326) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

†അനുബന്ധം XXII

LIBRARY ARCHIVES Kerala Legislative Assembly